**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **22-01-2021 - ൽ മറുപടിയ്ക്ക്**

**യുവാക്കൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി എക്സൈസ് റേഞ്ച് ഓഫീസ്- കൊയിലാണ്ടി- പയ്യോളി പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ 2020 വർഷത്തിൽ ലഹരിമരുന്ന് സംബന്ധമായ എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | (എ) | 110 ലഹരി മരുന്ന് സംബന്ധമായ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | യുവാക്കൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗവും വിതരണവും തടയാൻ നിയമനടപടികളിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എക്സൈസ് വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മദ്യവർജ്ജന മയക്കുമരുന്ന വിരുദ്ധ മനോഭാവം കേരള ജനതയിൽ വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ട് 2019 നവംബർ 1 മുതൽ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഒരു സമഗ്രമായ തീവ്രബോധവത്ക്കരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് ഗെയിംസ്/അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച കൊണ്ട് വിവിധ കായികമത്സരങ്ങൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചുവരുന്നുണ്ട്. ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാക്കുന്നതിനായി 'വിമുക്തി ജ്വാല', ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി ഭവന സന്ദർശനങ്ങൾ, ആദിവാസി-തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള സായാഹ്ന ചർച്ചകൾ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസി മേഖലക്കായുള്ള ലഹരി മുക്തഗ്രാമം പദ്ധതി പ്രകാരം കരിയർ ഗൈഡൻസ് സെന്റർ, കായികപരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. വിദ്യാർത്ഥികളിൽ ലഹരി |

| | | | |
|---|---|---|---|
| | | | ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങൾ ലഹരി മുക്തമാക്കുന്നതിനും സംസ്ഥാനത്തെ 4842 സ്കൂളുകളിലും 899 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളും കോളേജുകളും സന്ദർശിച്ച് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നതിനായി ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകി വരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു. |
| (സി) | സംസ്ഥാന അതിർത്തികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, ടൂറിസ്റ്റ് ബസ്സുകൾ തുടങ്ങിയ വഴികളിലൂടെ ലഹരിമരുന്നുകൾ കേരളത്തിലേക്ക് വരുന്നതായി വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇത്തരം കാര്യങ്ങളിൽ വകുപ്പ് നടത്തിവരുന്ന കർശന നടപടികൾ വിശദമാക്കാമോ; | (സി) | ടൂറിസ്റ്റ് ബസ്സുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലും സമാന്തര പാതകളിലും വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ബോർഡർ പട്രോളിംഗ് യൂണിറ്റുകളും. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. |
| (ഡി) | ആൾപ്പാർപ്പില്ലാത്ത പ്രദേശങ്ങളിൽ യുവാക്കൾ ഒത്തുകൂടി ഇത്തരം ലഹരി മാർഗ്ഗങ്ങളിലേക്ക് തിരിയുന്നത് തടയാൻ കർശന നിരീക്ഷണം നടത്താൻ പട്രോളിങ് സംവിധാനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | എക്സൈസ് റെയിഞ്ച്, സർക്കിൾ ഓഫീസുകളെ കൂടാതെ ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലുമുള്ള സ്പെഷ്യൽ സ്ക്വാഡിന്റെയും നേതൃത്വത്തിൽ ആൾപാർപ്പില്ലാത്ത പ്രദേശങ്ങളിൽ പരിശോധന നടത്തുന്നതിനു പുറമെ എക്സൈസ് ഇന്റലിജൻസ് വിഭാഗം ഇത്തരം പ്രദേശങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ നിരീക്ഷിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ